


THE MALANKARA (INDIAN) ORTHODOX SYRIAN CHURCH

DIOCESE OF UK-EUROPE & AFRICA

# Diocesan Day Prayer

## ഭദ്രാസന ദിന പ്രാർത്ഥന

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
## യു.കെ., യൂറോപ്പ്, ആഫ്രിക്ക ഭദ്രാസനം

## ഭദ്രാസന ദിന പ്രാർത്ഥന

**കോലൊ**

വാഴ്‌വേറും നിർമ്മല കന്യക - തന്നുദരത്തിൽ
ഹിതമോടുദയം ചെയ്തൊരു ദൈവസുതാ! സ്തോത്രം തേ
കർണ്ണത്താലവനെകൈയ്ക്കൊ - ണ്ടുദരേപേറി
ഗർഭാശയ കന്യാമുദ്രകളീന്നും - നിർഗ്ഗതനായ്
    ജാതികളേ - ലജ്ജാകുലരാക്കി
    സ്തുതിയധികം - താഴ്ച്ച വരിച്ചോനെ!
നരനായ് രക്ഷ കൊടുത്തവനേ! സഭ കീർത്തിക്കുന്നു. ബാറെക്മോർ

ശുബഹോ..... മെനഓലം.....

പ്രാർത്ഥിപ്പിൻ ശ്ലീഹന്മാരെ! കർത്താവോടായ്
ഭിന്നത സഭതൻ സന്താനങ്ങളിലി - ല്ലാതാവാൻ
നിങ്ങളതിൽ ചൊല്ലിയതാകും - വിശ്വാസത്തെ
മായിച്ചിടുവാൻ - ദുസ്താർക്കികരതിനെ - ചുറ്റുന്നു
    സത്യമതാം - മൂശയിലാവചനം
    കനകം പോൽ - ശോധിച്ചീടട്ടെ
വൈദികർ വാഴ്ത്തും, ശുദ്ധ സഭയ്ക്കുദയം - ചേർത്തോനെ.

മൊറിയൊ .....

## പ്രാർത്ഥന

ഞങ്ങളുടെ കർത്താവായ യേശു മശിഹാ! അവിടുത്തെ സ്വന്തരക്തത്താൽ വിലയ്ക്ക് വാങ്ങിയതും, പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതും, സത്യവിശ്വാസമാകുന്ന പാറമേൽ പണിയപ്പെട്ടിരിക്കുന്നതും, പാതാള ഗോപുരങ്ങൾക്ക് ജയിക്കാൻ കഴിയാത്തതുമായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കുവേണ്ടി നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. ഇന്നു വരെ ഈ സഭയെ കാത്തു സൂക്ഷിച്ചതിനായി നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുകയും, നിന്റെ മുമ്പാകെ നന്ദി അർപ്പിക്കുകയും ചെയ്യുന്നു. ഈ സഭയിൽ നിന്ന് തർക്കങ്ങളും വ്യവഹാരങ്ങളും ഇല്ലായ്മ ചെയ്യണമെ. സാത്താന്റെ ആക്രമണങ്ങളിൽ നിന്ന് മലങ്കര സഭയെ രക്ഷിക്കണമെ. ഇതിന്റെ ശത്രുക്കളെ നീക്കിമായിച്ച് കളയണമെ. ഇതിൽ നീതിയും, സമാധാനവും, സത്യവും, ഐക്യതയും നിറയണമെ. സഭയിൽ എല്ലാവരിൽ നിന്നും ആത്മീയ ജീർണ്ണതയും, അധികാര മോഹവും, അച്ചടക്കരാഹിത്യവും, അഭിപ്രായ ഭിന്നതയും തുടച്ച് നീക്കണമെ. നിന്റെ മാതാവായ വിശുദ്ധ കന്യക മറിയാമിന്റെയും, നിന്റെ ശിഷ്യനും, ഞങ്ങളുടെ കാവൽ പിതാവുമായിരിക്കുന്ന പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെയും, മലങ്കരയുടെ പരിശുദ്ധന്മാരായ മാർ ഗ്രീഗോറിയോസിന്റെയും, മാർ ദിവന്നാസിയോസിന്റെയും പ്രാർത്ഥനയും മദ്ധ്യസ്ഥതയും മുഖാന്തിരം ഞങ്ങളെ അനുഗ്രഹിക്കണമെ. സഭയെ നയിക്കുവാൻ ആവശ്യമായ വിവേകം ബലഹീനരായ ഞങ്ങൾക്ക് നൽകണമെ. നിന്റെ ഹിതപ്രകാരമുള്ള തീരുമാനങ്ങൾ എടുക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമെ. ഞങ്ങളുടെ പാപങ്ങൾ നിമിത്തം ഈ സഭയെ നീ ശിക്ഷിക്കരുതേ. കർത്താവേ ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോട് ക്ഷമിച്ച് ഞങ്ങളെ ശുദ്ധീകരിക്കണമെ. ദൈവമെ ഇസ്രായേൽ ജനത്തെ വഴി നടത്തിയതുപോലെ ഞങ്ങളെ വഴി നടത്തണമെ. സഭയിലെ എല്ലാ മേൽപ്പട്ടക്കാരെയും, പട്ടക്കാരെയും, സന്യസ്ഥരെയും, വിശേഷാൽ ഞങ്ങളുടെ ഈ ഭദ്രാസനത്തെയും അനുഗ്രഹിക്കണമെ. സഭയിൽ ജീവനുള്ള വിശ്വാസികളായ സർവ്വ ജനത്തെയും സകല വാങ്ങിപ്പോയവരെയും നീ കാത്തു കൊള്ളണമെ. ഞങ്ങൾ നിനക്കും നിന്റെ ഏക ജാതനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു.

ആമ്മീൻ

## THE MALANKARA (INDIAN) ORTHODOX SYRIAN CHURCH
## DIOCESE OF U.K. - EUROPE & AFRICA

# DIOCESAN DAY PRAYER

### Kolo

Glory to the Son of God, who was so pleased
To come forth from the bless`ed and ho-ly virgin
Through her ear she received Him and she bore Him
He came forth from her womb and yet it - remained sealed

Praise to Him – Who humbled Himself
Praise to Him – Who did become Man

Praise to Him who saved His Church and she – sings His praise!

Barekmore

Subaho- Menaolam ....

Pray for us Apostles to Him Who chose you
That schisms and disputes cease in the – Holy Church
See! Heretics surround her on ev'ry side
To conceal the faith which you proclaimed – unto her

May Your truth – be a crucible
Which refines – her words like pure gold

May priests in victr'y praise Him who ma-gnified her

Moriyo.......

## Prayer

O Lord Jesus Christ, we humbly beseech You on behalf of the Malankara Orthodox Syrian Church, which has been sanctified by the precious blood You shed, established by the Holy Apostle Saint Thomas, and firmly rooted in the bedrock of faith—an edifice unconquerable even by the darkest abyss. With gratitude and reverence, we acknowledge Your divine providence that has safeguarded this church through the ages. We entreat You, Lord, to dispel discord and worldly concerns that may have crept into Your Church. Shield the Malankara Church from the assaults of Satan and vanquish all adversaries that seek to undermine its sanctity. May Your Church resound with the harmonious melodies of justice, peace, truth, and unity. We implore You to purify Your Church, ridding it of spiritual decay, the lust for power, indiscipline, and discord that may linger among us. Through the intercessions of Your blessed mother, the Holy Virgin Mary, Your devoted disciple and our guardian saint, the Holy Apostle Saint Thomas, and the Holy Saints of Malankara, Mor Gregorios and Mor Dionysius, bless us with the wisdom to lead Your church in accordance with Your divine will. In Your boundless mercy, do not let the transgressions of Your children become a stumbling block for Your church. Instead, merciful Lord, purify us from our sins, and, like the pillar of fire that led the people of Israel, guide us in Your righteous path. We offer our supplications for the wellbeing of all Metropolitans, priests, and monastics within Your church, and especially that of this Diocese. Extend Your protective hand over all faithful living members and the cherished departed souls. With hearts overflowing with praise and thanksgiving, we lift our voices to You, Your only begotten Son, and the Holy Spirit.
Amen.